(ബി) സാമ്പത്തികമായി പിന്നോക്ക അവസ്ഥയിലുള്ളവർക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് നിലവിലുള്ള പദ്ധതികൾ ഏതൊക്കെയെന്ന വ്യക്തമാക്കുമോ ;

(സി) പുനലൂർ നിയോജകമണ്ഡലത്തിലെ റോസ്മല ഗ്രാമത്തിലെ വൈദ്യുതീകരണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 2015-16 സാമ്പത്തിക വർഷം കൊല്ലം ജില്ലയിൽ ഈ പദ്ധതി നിലവിലില്ല.

(ബി) കേന്ദ്രാവിഷ്കൃത പദ്ധതിയായ RGGVY. (രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതീകരണ യോജന)-യിൽ ഉൾപ്പെടുത്തി സാമ്പത്തികമായി പിന്നോക്ക അവസ്ഥയിലുള്ളവർക്ക് കണക്ഷൻ പരിധിയില്ലാതെ സൗജന്യ ഗാർഹിക വൈദ്യുതി കണക്ഷൻ നൽകിയിരുന്നു. തിരുവനന്തപുരം, കോട്ടയം, എറണാകുളം ജില്ലകളിൽ നവംബർ 30 വരെയാണ് ഈ പദ്ധതിയുടെ കാലാവധി. കൂടാതെ പുതിയതായി നിലവിൽ വന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ DDUGJY (ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി യോജന) പ്രകാരം ഗ്രാമീണ മേഖലയിലെ ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്ന അപേക്ഷകർക്ക് കണക്ഷനുകൾ നൽകാനാകും.

(സി) 28-1-2012-ലെ ബോർഡ് ഉത്തരവ് പ്രകാരം റോസ്മല പ്രദേശത്തെ വൈദ്യുതീകരണം ആർ.ജി.ജി.വി.വൈ.-യിൽ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ വനത്തിൽ കൂടി 11 കെ.വി.-ഓവർഹെഡ് ലൈൻ നിർമ്മിക്കുന്നതിനുള്ള അനുമതി വനം വകുപ്പിൽ നിന്നും ലഭിച്ചില്ല. തുടർന്ന് ഓവർഹെഡ് ലൈനിനു പകരം UG കേബിൾ ഉപയോഗിച്ച് 10 കിലോമീറ്റർ ലൈൻ നിർമ്മിക്കുന്നതിനു വനം വകുപ്പിന്റെ അനുമതി തേടിയെങ്കിലും 9 കിലോമീറ്റർ നിർമ്മിക്കുന്നതിനുവേണ്ട അനുമതി മാത്രമെ ലഭിച്ചിട്ടുള്ളൂ. ഒരു കിലോമീറ്റർ ദൂരം ശെന്തുരുണി വന്യമൃഗ സംരക്ഷണ കേന്ദ്രത്തിൽ കൂടി കടന്ന് പോകുന്നതിനാൽ കേന്ദ്ര സർക്കാരിന്റെ പ്രത്യേക അനുമതിക്കായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ അനുമതി ലഭ്യമായിട്ടില്ല. കേന്ദ്ര സർക്കാരിന്റെ അനുമതിയും ഫണ്ടും ലഭിക്കുന്ന മുറയ്ക്ക് വൈദ്യുതീകരണ പ്രവൃത്തികൾ ആരംഭിക്കാവുന്നതാണ്.

രാജീവ് ഗാന്ധി വൈദ്യുതീകരണ പദ്ധതി

36 (403) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് എത്ര ബി.പി.എൽ. അപേക്ഷകർ രാജീവ് ഗാന്ധി വൈദ്യുതീകരണ പദ്ധതിയുമായി ബന്ധപ്പെട്ട് വൈദ്യുതി കണക്ഷനുവേണ്ടി പോസ്റ്റുകൾ സൗജന്യമായി സ്ഥാപിച്ചു കിട്ടുന്നതിന് അപേക്ഷ നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് വാർഷികാടിസ്ഥാനത്തിൽ അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത അപേക്ഷകളിന്മേൽ നാളിതുവരെ നടപടി എടുത്തിട്ടുള്ള അപേക്ഷകരുടെ കണക്ക് ജില്ല തിരിച്ച് വാർഷികാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(സി) ഈ സർക്കാരിന്റെ കാലയളവിൽ കേന്ദ്ര സർക്കാർ എത്ര തുക പ്രസ്തുത പദ്ധതിക്കായി സംസ്ഥാനത്തിന് വകയിരുത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ ; ആയതിൽ എത്ര തുക നാളിതുവരെ ചെലവഴിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ബി.പി.എൽ. അപേക്ഷകരുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

(ബി) നടപടി എടുത്തിട്ടുള്ള അപേക്ഷകരുടെ കണക്ക് അനുബന്ധമായി ചേർക്കുന്നു.*

(സി) ഈ സർക്കാരിന്റെ കാലയളവിൽ കേന്ദ്ര സർക്കാർ സംസ്ഥാനത്തിന്

നൽകിയ തുക - 9631.194 ലക്ഷം രൂപ

ചെലവഴിച്ച തുക - 9631.194 ലക്ഷം രൂപ.

ഊർജ്ജ വകുപ്പ് നടപ്പാക്കിയ പദ്ധതികൾ

37 (404) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ 5 വർഷത്തിനിടയിൽ അരൂർ നിയോജകമണ്ഡലത്തിൽ ഊർജ്ജ വകുപ്പ് ഏതെല്ലാം പ്രവൃത്തികളാണ് ഏറ്റെടുത്തിട്ടുള്ളത് ;

(ബി) എത്ര ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട് ; ലൈൻ നവീകരണവുമായി ബന്ധപ്പെട്ട് നടന്ന പ്രവൃത്തികൾ വിശദമാക്കാമോ ;

(സി) എരമല്ലൂർ കടപ്പുറത്ത് പുതിയ സബ്സ്റ്റേഷൻ നിർമ്മിക്കുവാനുള്ള സ്ഥലം ഏറ്റെടുത്തിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; അവിടെ സബ്സ്റ്റേഷൻ നിർമ്മാണം എന്ന് ആരംഭിക്കും?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly